കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്


ഫോൺ – 04912520145

ഇ-മെയിൽ – dopkd.ksad@kerala.gov.in

www.lfa.kerala.gov.in


# അയിലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി18/1729/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: - 31-01-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അയിലൂർ ഗ്രാമപഞ്ചായത്ത്

സർ,

<u>വിഷയം :</u>
അയിലൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി18/1729/2019 തിയ്യതി: - 31.01.2020

## പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26-1-2019 മുതൽ 27-11-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28-11-2019 മുതൽ 7-12-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. യു.പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സി.രാജേശ്വരി | ഓഡിറ്റർ |
| ശ്രീ. കൃഷ്ണദാസ് എൻ.വി | ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|

| | |
|---|---|
| അഡ്വ.കെ.സുകുമാരൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | |
| ശ്രീമതി.ജോയ്സി വർഗ്ഗീസ് | 01/04/2018 മുതൽ 19/06/2018 വരെ |
| ശ്രീ.ഷാജഹാൻ.ഇ | 20/06/2018 മുതൽ 20/11/2018 വരെ & 02/01/2019മുതൽ 31/03/2019 വരെ |
| ശ്രീ. പ്രദീഷ്.പി.പി. (സെക്രട്ടറി ഇൻ-ചാർജ്ജ്) | 21.11.2018 മുതൽ 1.1.2019 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.തോമസ്.പി.ജോൺ | 1-04-2018 മുതൽ 31-05-2018 വരെ, 27.6.18 മുതൽ 6.9.18 വരെ & 24.9.18 മുതൽ 30.11.18 വരെ |
| | ശ്രീ. രമേഷ്. എം | 1.6.18 മുതൽ 26.6.18 വരെ, 7-09-2018 മുതൽ 17.9.18 വരെ |
| | ശ്രീമതി. ദീപ.കെ. | & 1.12.18 മുതൽ 7.3.19 വരെ |
| | ശ്രീമതി. എ.കെ. ജിസ്ന | 18.9.18 മുതൽ 23.9.18 വരെ |
| | ശ്രീ രഞ്ജിത്ത് എൻ.പി | 8-03-2019 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രദീഷ്.പി.പി. | 01-04-2018 മുതൽ 31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | ശ്രീ.രവീന്ദ്രൻ.കെ. | 01-04-2018 മുതൽ 31-03-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | ശ്രീ.ഷിജു.സി. | 01-04-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം | ശ്രീമതി മേരിക്കുട്ടി ജോർജ്ജ് – ഇൻ ചാർജ്ജ് | 01-04-2018 മുതൽ 13-05-2018 വരെ |
| | ശ്രീമതി ലീല പി.വി | 14-05-2018 മുതൽ 18-09-2018 വരെ |
| | ശ്രീമതി ലിസി കെ.എ | 19-09-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കീർത്തി അശോകൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഐശ്വര്യ.പി | 01-04-2018 മുതൽ 30-04-2018 വരെ, 13-7-2018 മുതൽ 19-9-2018 വരെ<br>1-10-2018 മുതൽ 2-10-2018 വരെ,<br>3-12-2018 മുതൽ 12-12-2018 വരെ |
| | ഡോ.അരുണ.എൻ | 01-05-2018 മുതൽ 12-07-2018 വരെ &<br>13-12-2018 മുതൽ 21-2-2019 വരെ |
| | ഡോ.ബിന്ദു.കെ | 20-9-2018 മുതൽ 30-9-2018 വരെ |
| | ഡോ.ബിജി.വി.വി | 3-10-2018 മുതൽ 2-12-2018 വരെ |
| | ഡോ.സുമേഷ്.വി | 22-2-2019 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷെനിൻ പി.മെഴ്സിലി | 01-04-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.അർച്ചന സി.ആർ. | 1-04-2018 മുതൽ 1-08-2018 വരെ<br>23-08-2018 മുതൽ 15-02-2019 വരെ |
| | ശ്രീ വരുൺ.വി-ഇൻചാർജ് | 2-08-2018 മുതൽ 22-08-2018 വരെ |
| | ശ്രീ മോഹൻരാജ് ആർ -ഇൻ ചാർജ് | 16-02-2019 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രാജലക്ഷ്മി.ആർ | 01-04-2018 മുതൽ 17-07-2018 വരെ |
| | ശ്രീമതി. സുഭാഷിണി. എം | 18-07-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ്കുമാർ.എ. | 01-04-2018 മുതൽ 8-11-2018 വരെ |
| | ശ്രീ ജയപ്രകാശ് സി.സി | 9-11-2018 മുതൽ 20-01-2019 വരെ |
| | ശ്രീമതി രശ്മി.ജെ | 21-01-2019 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>

## ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ | 1-9 |
| 10 | 2018-19 വർഷത്തെ ബജറ്റ് രൂപീകരണത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ | 1-10 |
| 11 | വസ്തുനികുതി- ഡാറ്റാ പ്യൂരിഫിക്കേഷന ശേഷവും ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്ന- തൻവർഷത്തെ നഷ്ടം 36967 രൂപ. | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ- അപാകതകൾ സംബന്ധിച്ച് | 1-12 |
| 13 | തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതും പൂർണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ് | 1-13 |
| 14 | ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ് | 1-14 |
| 15 | തെരുവു വിളക്കുകളുടെ വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും, സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ് | 1-15 |
| 16 | ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല | 1-16 |
| 17 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല | 1-17 |
| 18 | തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ് | 1-18 |
| 19 | ഫണ്ടുകളുടെ മേഖലാതല വിഭജനം മാർഗ്ഗരേഖക്കനുസൃതമായി നിർവ്വഹിക്കേണ്ടതാണ് | 1-19 |
| 20 | വിവിധ വാങ്ങൽ പദ്ധതികൾ - സ്റ്റോർസ് പർച്ചേസ് | 1-20 |

| | | |
|---|---|---|
| | മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | |
| 21 | ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം - 997535 /-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. | 1-21 |
| 22 | വിവിധ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമല്ല – 10 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-22 |
| 23 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി - നാളിതു വരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം | 1-23 |
| 24 | എ.ബി.സി പദ്ധതി - ചെലവിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | അഗതി രഹിത കേരളം പദ്ധതി - അവലോകനം | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-26 |
| 27 | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ റോഡുകളുടെ ദിശാ ബോർഡുകൾ -രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം | 1-28 |
| 29 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-29 |
| 30 | മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-30 |
| 31 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-31 |
| 32 | ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല - കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-32 |
| 33 | അയിലൂർ പി.എച്ച്.സി യിൽ ടോയ്ലറ്റുകൾ നിർമ്മിക്കുവാൻ രണ്ട് പ്രോജക്റ്റുകൾ ആവിഷ്കരിച്ചു | 1-33 |
| 34 | കുഴൽ കിണർ കുഴിച്ചതിനുശേഷം പദ്ധതി പൂർത്തീകരിച്ചില്ല-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 35 | സൈറ്റ് കണ്ടീഷൻ കൃത്യമായി വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ് | 1-35 |
| 36 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രേഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് | 1-36 |
| 37 | കയറാടി ജി.എൽ.പി.എസ് കെട്ടിടം റിപ്പയർ - പൊളിച്ചു മാറ്റിയ മരം, ഓട് എന്നിവയുടെ കണക്ക് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയില്ല | 1-37 |

<u>ഭാഗം-II</u>

-പരാമർശങ്ങൾ ഇല്ല-

ഭാഗം-III

-പരാമർശങ്ങൾ ഇല്ല-

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

17-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 27.72 കോടി രൂപയും ചെലവ് 26.7 കോടി രൂപയും നീക്കിയിരിപ്പ് 1.4 കോടി രൂപയുമാണ്.

റിവൈസ്ഡ് ബജറ്റ് 13-2-2019 തിയതിയിൽ പാസാക്കിയിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 31-5-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8876693 |
| വരവ് | 151781849 |
| ആകെ | 160658542 |
| ചെലവ് | 129498590 |
| നീക്കിയിരിപ്പ് | 31159952 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | | 23580000 | 23580000 | 23577184 | 2816 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | | 9874000 | 9874000 | 8767484 | 1106516 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | | 1064000 | 1064000 | 611191 | 452809 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | | 33500000 | 33500000 | 24473466 | 9026534 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | | 4744000 | 4744000 | 4744000 | ൦ |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | | 13225093 | 13225093 | 9538216 | 3686877 |
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 34794175 | 34794175 | 34794175 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്- | 11508 | 618879 | 630387 | 629294 | 1093 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ വേതനം | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 5730534 | 3622907 | 9353441 | 3308358 | 6045083 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 5236844 | 5236844 | 3140972 | 2095872 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-നെല്ലിയാമ്പതി പഞ്ചായത്ത് | 0 | 2800000 | 2800000 | 280000 | 2520000 |
| ട്രഷറി-- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ) | 1595184 | 22044054 | 23639238 | 12853680 | 10785558 |
| തനത്ഫണ്ട് - യൂണിയൻ ബാങ്ക്-17831 | 5440879 | 3732445 | 9173324 | 5281695 | 3891629 |
| തനത്ഫണ്ട് - ASCB | 2428093 | 5828154 | 8256247 | 4628966 | 3627281 |
| ഇ-പേയ്മെന്റ് അക്കൗണ്ട്- SBI<br><br>(ഹഡ്കോ ലോൺ ഉൾപ്പെടെ) | 4477 | 25964371 | 25968848 | 25921717 | 47131 |
| മറ്റിനം- യൂണിയൻ ബാങ്ക് - 8200 | 1140701 | 40452 | 1181153 | 0 | 1181153 |
| ജലനിധി- യൂണിയൻ ബാങ്ക് -7471 | 407888 | 14464 | 422352 | 0 | 422352 |
| യൂണിയൻ ബാങ്ക്- MPLAD-14109 | 1657 | 68 | 1725 | 1725 | 0 |
| യൂണിയൻ ബാങ്ക്- WGDP-11009 | 2507 | 90 | 2597 | 0 | 2597 |
| പെൻഷൻ- യൂബിഐ-147117 | 51 | 0 | 51 | 51 | 0 |
| സാക്ഷരത- യൂണിയൻ ബാങ്ക്-7144 | 2778 | 112 | 2890 | 2890 | 0 |
| SSA-കനറാ ബാങ്ക്-6367 | 432697 | 51514 | 484211 | 0 | 484211 |
| BRGF-യൂണിയൻ ബാങ്ക്-13515 | 231504 | 9359 | 240863 | 240863 | 0 |
| ബി ഫണ്ട് | 0 | 2552280 | 2552280 | 2552280 | 0 |

<u>കേന്ദ്ര വിഹിതം - ICDS</u>

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ-യൂണിയൻ | 2032343 | 1128738 | 3161081 | 2163546 | 997535 |

| | | | | | | |
|---|---|---|---|---|---|---|
| ബാങ്ക് | | | | | | |

തുക രണ്ട് അക്കൗണ്ടുകളിലാണ് നിക്ഷേപിക്കുന്നത്. തൻവർഷത്തെ വരവ് 1128738. ആകെ നീക്കിയിരിപ്പായ 997535 രൂപയിൽ 944203 രൂപ STSB ട്രഷറി അക്കൗണ്ടിലും 53332 രൂപ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലും അവശേഷിക്കുന്നുണ്ട്.

<u>ശുചിത്വമിഷൻ ഫണ്ട്</u>

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ-യൂണിയൻ ബാങ്ക് | 0 | 2156791 | 2156791 | 170000 | 1986791 |

മേൽ തുക നിക്ഷേപിച്ചിട്ടുള്ളത് തനത്ഫണ്ട് - യൂണിയൻ ബാങ്ക്-17831 അക്കൗണ്ടിലാണ്.

<u>നിഷ്ക്രിയ അക്കൗണ്ടുകളുടെ വിവരം</u>

നിഷ്ക്രിയാവസ്ഥയിലായിരുന്ന യൂണിയൻ ബാങ്ക്-MPLAD-14109, പെൻഷൻ-യൂബിഐ-147117, സാക്ഷരത-യൂണിയൻ ബാങ്ക്-7144, BRGF-യൂണിയൻ ബാങ്ക്-13515 എന്നീ അക്കൗണ്ടുകൾ തൻവർഷം അവസാനിപ്പിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന അക്കൗണ്ടുകൾ കൂടി അവസാനിപ്പിക്കേണ്ടതാണ്.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| മറ്റിനം- യൂണിയൻ ബാങ്ക് - 8200 | 1140701 | 40452 | 1181153 | 0 | 1181153 |
| യൂണിയൻ ബാങ്ക്-WGDP-11009 | 2507 | 90 | 2597 | 0 | 2597 |
| SSA-കനറാ ബാങ്ക്-6367 | 432697 | 51514 | 484211 | 0 | 484211 |
| ജലനിധി- യൂണിയൻ ബാങ്ക് -7471 | 407888 | 14464 | 422352 | 0 | 422352 |

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 346 | 216265238 | 215 | 111613225 | 62 | 131 | 61 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 61% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 8665849 | 7679222 | 89 |
| വി.ഇ.ഒ -1 | 4 | 4 | 53285000 | 22765000 | 43 |
| വി.ഇ.ഒ -2 | 8 | 7 | 40190600 | 15093200 | 38 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 6671906 | 6439572 | 97 |
| സെക്രട്ടറി | 19 | 15 | 9900181 | 8772902 | 89 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 278 | 156 | 87725469 | 43341949 | 49 |
| എച്ച്.എം | 8 | 6 | 3044533 | 2605630 | 86 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 626700 | 443250 | 71 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 2525000 | 844000 | 33 |
| അസി.സെക്രട്ടറി | 4 | 4 | 1930000 | 1928500 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1300000 | 1300000 | 100 |
| ആകെ | 346 | 215 | 216265238 | 111613225 | 52 |

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 92280 | 46 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 16502700 | 1268 |
| 3 | വിധവാ പെൻഷൻ | 14706400 | 1207 |
| 4 | വാർദ്ധക്യകാല പെൻഷൻ | 20377900 | 1714 |
| 5 | വികലാംഗ പെൻഷൻ | 3782700 | 308 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 728800 | 55 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-11-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7865/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-11-2019 | 10/2019 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-4-2019 മുതൽ 10-5-2019 വരെ | 2014-15 മുതൽ 2018-19 വരെ | 10-6-2019 |

# 1-9 ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ

1. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം

2018-19 വർഷത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിന് ISO 9001:2015 സർട്ടിഫിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. സർട്ടിഫിക്കറ്റ് നം. TQS/Q-808.

10-7-2019 മുതൽ 9-7-2022 വരെ മൂന്ന് വർഷക്കാലയളവിലേക്കാണ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുടെ മുഖമുദ്രയായ ISO 9001:2015 ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്.

തുടർസേവനങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്നും ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കി നിലനിർത്തുന്നുണ്ടെന്നും ഉറപ്പാക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. 2018-19 ൽ 100% നികുതി പിരിവ് എന്ന നേട്ടം കൈവരിച്ചത് അഭിനന്ദനാർഹം

തൻവർഷം അയിലൂർ ഗ്രാമപഞ്ചായത്തിന് 100% നികുതി പിരിവ് കൈവരിച്ചതിന് ജില്ലാതലത്തിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം നം. ജി2-7505/19 തിയതി 20-8-2019 പ്രകാരം 7 ജീവനക്കാർക്ക് ഇൻസന്റീവിന് അർഹതയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ വർഷങ്ങളിലും ഈ നേട്ടം നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 അയിലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്

# രൂപീകരണത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ

<u>ബജറ്റ് രൂപീകരണം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്, എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് രൂപീകരണം സംബന്ധിച്ച് പാലിക്കേണ്ട നടപടി/ സമയക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

<u>ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കൽ, പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കൽ</u>

വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തത് സമയക്രമം പാലിച്ചല്ല. (06.02.2018 ലെ എ.ഒ 879/17 നമ്പർ കത്ത്) ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായോ കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ് സൂപ്പർവൈസർ, വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), എച്ച്.എം എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. കൃഷി ഓഫീസർ, വി.ഇ.ഒ, അസി. എഞ്ചിനിയർ, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1 ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

<u>ബജറ്റ് തയ്യാറാക്കൽ, പാസാക്കൽ</u>

26.03.2018 ന് ചേർന്ന് ഭരണസമിതി യോഗത്തിൽ തീരുമാനം 1 പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രരംഭ ബാക്കി | 94,49,769 |
| തൻവർഷം വരവ് | 27,24,32,000 |
| ആകെ വരവ് | 28,18,81,769 |
| ചെലവ് | 26,77,66,500 |
| നീക്കിയിരിപ്പ് | 1,41,15,269 |

പ്രതീക്ഷിത വരവും, ചെലവും യഥാർത്ഥ വരവും ചെലവുമായി പൊരുത്തപ്പെടുന്നില്ല.

ബജറ്റ് നിയന്ത്രണം

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

ബജറ്റ് പരിശോധന

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രതീക്ഷിക്കുന്ന എല്ലാ ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ബജറ്റ് നിയന്ത്രണത്തിനായി ഭരണ തലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ (ആർ.ടി) നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 വസ്തുനികുതി- ഡാറ്റാ പ്യൂരിഫിക്കേഷനു ശേഷവും ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്ന- തൻവർഷത്തെ നഷ്ടം 32489 രൂപ

പഞ്ചായത്ത് പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അടവാക്കൽ യഥാർത്ഥ ഉപയോഗക്രമത്തിലാണോ എന്നും 2018-19 സാമ്പത്തിക വർഷത്തിൽ സഞ്ചയയിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതും സെക്രട്ടറി ഡിജിറ്റലി സാക്ഷ്യപ്പെടുത്തി അന്തിമമാക്കിയതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ, വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി.

സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ 100% ശതമാനം പൂർത്തീകരിച്ചിട്ടും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലാത്തതിനാൽ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6 പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) വാണിജ്യ/ വ്യവസായ കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിലുള്ള ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനാൽ നികുതി നഷ്ടം</u>

വാണിജ്യ/ വ്യവസായ കെട്ടിടങ്ങളെ പാർപ്പിടാവശ്യം- വീടുകൾ എന്ന കെട്ടിടങ്ങളുടെ ഗണത്തിൽ തെറ്റായി ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായെങ്കിലും ഇവ ക്രമീകരിച്ചിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 30 രൂപയും, പാർപ്പിടാവശ്യത്തിനുള്ളവയ്ക്ക് ച.മീറ്ററിന് 5 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനായുള്ള നികുതി നിരക്ക് അടിസ്ഥാനമാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിനാൽ 12505 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തി.

| ക്രമ നം. | വാർഡ്, കെട്ടിടനം, കെട്ടിട ഉടമസ്ഥൻ താമസക്കാരൻ/ കൈവശക്കാരൻ, ലൈസൻസ് നമ്പർ | തറ വിസ്തീർണം (ച.മീ) ഡിജിറ്റലി സാക്ഷ്യപ്പെടുത്തിയ തിയതി | നിലവിലെ നിർണയിക്കപ്പെട്ട വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തു നികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 4/222, ശാന്തകുമാരി<br><br>കെ.രാജപ്പൻ, ബി2/885, 20.02.18 | 80<br>31.01.19 | വസ്തു നികുതി - 280<br>സേവന ഉപനികുതി (20%)- 56<br>ലൈബ്രറി സെസ്സ്- 14<br>ആകെ- 350 | അടിസ്ഥാന വസ്തുനികുതി- 80*30 =2400<br>ഇളവ് 30% - 720<br>(മേഖല-10%, കാലപ്പഴക്കം -20%)<br>വസ്തുനികുതി -1680<br>സേവന ഉപനികുതി 20%- 336<br>ലൈബ്രറി സെസ്സ്- 84<br>ആകെ- 2100 | 1750 |
| 2 | 14/71, ഹുസ്സൈൻകുട്ടി<br><br>ഹുസ്സൈൻകുട്ടി, ബി2/1056/18, 26.02.18 | 32<br>02.03.19 | വസ്തുനികുതി - 129<br>സേവന ഉപനികുതി (20%)- 26<br>ലൈബ്രറി സെസ്സ്- 7<br>ആകെ- 162 | അടിസ്ഥാന വസ്തുനികുതി -32*30 =960<br>ഇളവ് 30% - 288<br>വസ്തു നികുതി -672<br>സേവന ഉപനികുതി 20%- 134.4<br>ലൈബ്രറി സെസ്സ്- 33.6<br>ആകെ- 840 | 678 |
| 3 | 14/430, റഫീക്ക്<br><br>സുദേവൻ, ബി2-1291/18, 06.03.18 | 79<br>22.02.19 | വസ്തുനികുതി - 277<br>സേവന ഉപനികുതി (20%)- 56<br>ലൈബ്രറി സെസ്സ്- 14<br>ആകെ- 347 | അടിസ്ഥാന വസ്തുനികുതി -79*30 =2370<br>ഇളവ് 20% - 474<br>(മേഖല -10%, | 2023 |

| | | | | | | |
|---|---|---|---|---|---|---|
| | | | | മേൽക്കൂര<br>-10%)<br>വസ്തുനികുതി<br>-1896<br>സേവന<br>ഉപനികുതി<br>20%- 379.2<br>ലൈബ്രറി<br>സെസ്സ്- 94.8<br>ആകെ- 2370 | | |
| 4 | 11/424,<br>ഇബ്രാഹിം<br><br>മനോജ് പോൾ,<br>ബി2-1410/18,<br>07.08.18 | 21<br>23.03.19 | വസ്തുനികുതി<br>- 84<br>സേവന<br>ഉപനികുതി<br>(20%)- 17<br>ലൈബ്രറി<br>സെസ്സ്- 5<br>ആകെ- 106 | അടിസ്ഥാന<br>വസ്തുനികുതി<br>-21*30<br>=630<br>ഇളവ് 20%<br>- 126<br>(മേഖല<br>-10%,<br>മേൽക്കൂര<br>-10%)<br>വസ്തുനികുതി<br>-504<br>സേവന<br>ഉപനികുതി<br>20%- 100.8<br>ലൈബ്രറി<br>സെസ്സ്- 25.2<br>ആകെ- 630 | 524 | |
| 5 | 8/149,<br>ഹനീഫ & നാദിറ<br><br>ഹനീഫ,<br>ബി2-1743/18,<br>22.03.18 | 60.4<br>19.03.19 | വസ്തു<br>നികുതി-<br>105<br>സേവന<br>ഉപനികുതി<br>(20%)- 21<br>ലൈബ്രറി<br>സെസ്സ്- 6<br>ആകെ- 132 | അടിസ്ഥാന<br>വസ്തുനികുതി-60.4*30<br>=1812<br>ഇളവ് 40%<br>- 724.8<br>(മേഖല-10%,<br>മേൽക്കൂര10%,<br>കാലപ്പഴക്കം- 20%)<br>വർദ്ധനവ്<br>20%- 362.4<br>(വഴി സൗകര്യം)<br>വസ്തു<br>നികുതി<br>-1450<br>സേവന<br>ഉപനികുതി<br>20%- 290<br>ലൈബ്രറി<br>സെസ്സ്- 72<br>ആകെ- 1812 | 1680 | |
| 6 | 9/236,<br>റുക്കിയ | 20<br>26.12.18 | വസ്തുനികുതി<br>- 90 | അടിസ്ഥാന<br>വസ്തുനികുതി | 562 | |

| | | | | | |
|---|---|---|---|---|---|
| | റുക്കിയ,<br>എ2-901/19,<br>21.02.19 | | സേവന<br>ഉപനികുതി<br>(20%)- 18<br>ലൈബ്രറി<br>സെസ്സ്- 5<br>ആകെ- 113 | -20*30<br>=600<br>ഇളവ് 10%<br>- 60<br>(മേഖല-10%)<br>വസ്തുനികുതി<br>-540<br>സേവന<br>ഉപനികുതി<br>20%- 108<br>ലൈബ്രറി<br>സെസ്സ്- 27<br>ആകെ- 675 | |
| 7 | 12/249,<br>ഖദീജ,<br>w/o അബ്ബാസ്<br>ടെയ്ലറിംഗ്&<br>ടെക്സ്റ്റൈൽ<br>ഷോപ്പ്,<br>എ2-820/19,<br>21.02.19 | 40<br>25.03.19 | വസ്തുനികുതി<br>- 220<br>സേവന<br>ഉപനികുതി<br>(20%)- 44<br>ലൈബ്രറി<br>സെസ്സ്- 11<br>ആകെ- 275 | അടിസ്ഥാന<br>വസ്തുനികുതി<br>-40*30<br>=1200<br>ഇളവ് 10%- 120<br>(മേഖല-10%)<br>വർദ്ധനവ്<br>20%- 240<br>(വഴി സൗകര്യം)<br>വസ്തുനികുതി<br>-1320<br>സേവന<br>ഉപനികുതി<br>20%- 264<br>ലൈബ്രറി<br>സെസ്സ്- 66<br>ആകെ- 1650 | 1375 |
| 8 | 4/434<br>കെ.എൻ.മോഹനൻ,<br>ഗേറ്റ്& ഗ്രിൽ വർക്ക്,<br>എ2-1622/19,<br>26.03.19 | 28<br>18.03.19 | വസ്തുനികുതി<br>- 56<br>സേവന<br>ഉപനികുതി<br>(20%)- 12<br>ലൈബ്രറി<br>സെസ്സ്-3<br>ആകെ- 71 | അടിസ്ഥാന<br>വസ്തുനികുതി<br>-28*40<br>(ഇതര<br>വ്യവസാ<br>യങ്ങൾ<br>ക്കാവശ്യ<br>മുള്ളവ-അടിസ്ഥാന<br>വസ്തുനികുതി നിരക്ക്<br>ചതുരശ്ര മീറ്ററിന് –<br>40 രൂപ)<br>=1120<br>ഇളവ്<br>60%- 672<br>(മേഖല-10%,<br>കാലപ്പഴക്കം- 50%)<br>വസ്തുനികുതി -448<br>സേവന<br>ഉപനികുതി 20%- 90<br>ലൈബ്രറി | 490 |

| | | | | | |
|---|---|---|---|---|---|
| | | | | സെസ്സ്- 23<br>ആകെ- 561 | |
| 9 | 6/14,<br>വേലായുധൻ<br><br>ജിജി. പി.വി,<br>ഫയർ വർക്ക്സ്&<br>സെയിൽസ്,<br>എ2-1637/19,<br>26.03.19 | 31.5<br>22.02.19 | വസ്തുനികുതി<br>- 174<br>സേവന<br>ഉപനികുതി<br>(20%)- 35<br>ലൈബ്രറി<br>സെസ്സ്- 9<br>ആകെ- 218 | അടിസ്ഥാന<br>വസ്തു<br>നികുതി-31.5*30<br>=945<br>ഇളവ്<br>10%- 94.5<br>(മേൽക്കൂര<br>-10%)<br>വർദ്ധനവ്<br>20%- 189<br>(വഴി<br>സൗകര്യം)<br>വസ്തുനികുതി -1040<br>സേവന<br>ഉപനികുതി 20%-<br>208<br>ലൈബ്രറി<br>സെസ്സ്- 52<br>ആകെ- 1300 | 1082 |
| 10 | 8/9,<br>ലക്ഷ്മികുട്ടിയമ്മ<br><br>മുഹമ്മദ്കുട്ടി,<br>എ2-1715/19,<br>29.03.19 | 10<br>04.12.18 | വസ്തുനികുതി<br>- 55<br>സേവന<br>ഉപനികുതി<br>(20%)-11<br>ലൈബ്രറി<br>സെസ്സ്- 3<br>ആകെ- 69 | അടിസ്ഥാന<br>വസ്തു<br>നികുതി- 10*30<br>=300<br>ഇളവ് 10%<br>- 30<br>(മേൽക്കൂര<br>-10%)<br>വർദ്ധനവ്<br>20%- 60<br>(വഴി<br>സൗകര്യം)<br>വസ്തുനികുതി -330<br>സേവന<br>ഉപനികുതി 20%- 66<br>ലൈബ്രറി<br>സെസ്സ്- 17<br>ആകെ- 413 | 344 |
| 11 | 9/216,<br>ആർ.ആർ.<br>സുബ്രഹ്മണ്യൻ,<br>എ2-1718/19,<br>29.03.19 | 9<br>12.11.18 | വസ്തുനികുതി<br>- 36<br>സേവന<br>ഉപനികുതി<br>(20%)- 8<br>ലൈബ്രറി<br>സെസ്സ്- 2<br>ആകെ- 46 | അടിസ്ഥാന<br>വസ്തുനികുതി<br>=9*30=270<br>ഇളവ് 20%<br>- 54<br>(മേൽക്കൂര<br>10%,<br>കാലപ്പഴക്കം- 10%)<br>വസ്തുനികുതി -216<br>സേവന<br>ഉപനികുതി 20%- 43 | 224 |

| | | | | | |
|---|---|---|---|---|---|
| | | | | ലൈബ്രറി<br>സെസ്സ്- 11<br>ആകെ- 270 | |
| 12 | 15/452<br>സുശീല<br><br>ഇസ്സൈമൽ,<br>എ2-1720/19,<br>29.03.19 | 40<br>26.03.19 | വസ്തുനികുതി<br>- 140<br>സേവന<br>ഉപനികുതി<br>(20%)- 28<br>ലൈബ്രറി<br>സെസ്സ്- 7<br>ആകെ- 175 | അടിസ്ഥാന<br>വസ്തുനികുതി<br>=40*30=1200<br>ഇളവ്<br>30%- 360<br>(മേഖല<br>-10%,<br>മേൽക്കൂര<br>-10%,<br>കാലപ്പഴക്കം- 10%)<br>വസ്തുനികുതി -840<br>സേവന<br>ഉപനികുതി 20%- 168<br>ലൈബ്രറി<br>സെസ്സ്- 42<br>ആകെ- 1050 | 875 |
| 13 | 8/424,<br>കണ്ണൻകുട്ടി,<br>എ2-1723/19,<br>29.03.19 | 16<br>31.01.19 | വസ്തുനികുതി<br>- 56<br>സേവന<br>ഉപനികുതി<br>(20%)- 12<br>ലൈബ്രറി<br>സെസ്സ്- 3<br>ആകെ- 71 | അടിസ്ഥാന<br>വസ്തുനികുതി<br>=16*30=480<br>ഇളവ്<br>30%- 144<br>(മേഖല<br>-10%,<br>മേൽക്കൂര<br>-10%,<br>കാല<br>പ്പഴക്കം<br>- 10%)<br>വസ്തു<br>നികുതി -336<br>സേവന<br>ഉപനികുതി 20%- 67<br>ലൈബ്രറി<br>സെസ്സ്- 17<br>ആകെ- 420 | 349 |
| 14 | 11/374,<br>വേലായുധൻ,<br>എ2-879/19,<br>21.02.19 | 16<br>31.01.19 | വസ്തുനികുതി<br>- 88<br>സേവന<br>ഉപനികുതി<br>(20%)- 18<br>ലൈബ്രറി<br>സെസ്സ്- 5<br>ആകെ- 111 | അടിസ്ഥാന<br>വസ്തുനികുതി<br>=16*30<br>=480<br>ഇളവ് 10%<br>- 48<br>(മേൽക്കൂര-<br>10%)<br><br>വർദ്ധനവ് 20%-96<br>(വഴി സൗകര്യം)<br>വസ്തുനികുതി -528 | 549 |

| | | | | | |
|---|---|---|---|---|---|
| | | | | സേവന<br>ഉപനികുതി 20%- 106<br>ലൈബ്രറി<br>സെസ്സ്- 26<br>ആകെ- 660 | |
| ആകെ | | | | | 12505 |

2) വാണിജ്യ/ വ്യവസായ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കപ്പെട്ടിരിക്കുന്നു

വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ പാർപ്പിടാവശ്യം-വീടുകൾ എന്ന കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയും തറ വിസ്തീർണ്ണം കുറവായതിനാൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം വസ്തു നികുതി നിർണയിച്ചതിനാൽ 4186 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്, കെട്ടിട നം, കെട്ടിട ഉടമസ്ഥൻ താമസക്കാരൻ/ കൈവശക്കാരൻ, ലൈസൻസ് നമ്പർ | തറ വിസ്തീർണം (ച.മീ) ഡിജിറ്റലി സാക്ഷ്യ പ്പെടുത്തിയ തിയതി | നിലവിലെ നിർണ യിക്കപ്പെട്ട വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 14/452,<br>ഷംസുദ്ദീൻ<br>ഗീതു. കെ,<br>ബി2-6126<br>25.09.18 | 52<br>23.02.19 | നികുതി<br>ഒഴിവാക്കി-<br>2015 ആദ്യ<br>അർദ്ധവർഷം<br>മുതൽ<br>സ.ഉ(എം.എസ്)<br>നം.358/15<br>സത്യവാങ്മൂലം<br>നമ്പർ-<br>ബി1-7447/16,<br>01.03.2017 | അടിസ്ഥാന<br>വസ്തുനികുതി<br>=52*30=1560<br>ഇളവ് 20%- 312<br>(മേഖല-10%,<br>മേൽക്കൂര10%)<br>വസ്തുനികുതി<br>-1248<br>സേവന<br>ഉപനികുതി-<br>249.6<br>ലൈബ്രറി<br>സെസ്സ്- 62.4<br>ആകെ- 1560 | 1560 |
| 2 | 14/34,<br>സക്കീർ<br>ഹുസ്സൈൻ&<br>ആത്തിക്ക<br><br>അഷറഫ്,<br>എ2-1778/19,<br>30.03.19 | 45<br>10.12.18 | നികുതി<br>ഒഴിവാക്കി-<br>2017 ആദ്യ<br>അർദ്ധവർഷം<br>മുതൽ<br>സ.ഉ(എം.എസ്)<br>നം.358/15<br>സത്യവാങ്മൂലം<br>നമ്പർ- 3415/17,<br>30.08.17 | അടിസ്ഥാന<br>വസ്തുനികുതി<br>=45*30=1350<br>ഇളവ് 40%- 540<br>(മേഖല-20%,<br>മേൽക്കൂര-10%,<br>കാലപ്പഴക്കം-<br>10%)<br>വസ്തുനികുതി<br>-810<br>സേവന<br>ഉപനികുതി- 162 | 1013 |

| | | | | | |
|---|---|---|---|---|---|
| | | | | ലൈബ്രറി<br>സെസ്സ്- 41<br>ആകെ- 1013 | |
| 3 | 13/12,<br>ചെല്ലൻ<br>റാവുത്തർ<br><br>കലാധരൻ<br>വി.എം,<br>എ2-835/19,<br>21.02.19 | 34<br>28.02.19 | 2013 ആദ്യ<br>അർദ്ധവർഷം<br>മുതൽ വസ്തു<br>നികുതി<br>ഡിമാന്റ് 0 രൂപ<br>എന്നാണ്<br>രേഖപ്പെടുത്തി<br>യിരിക്കുന്നത്.<br>നികുതി,<br>ഉപനികുതി<br>എന്നിവ<br>ഒഴിവാക്കിയിട്ടില്ല. | അടിസ്ഥാന<br>വസ്തുനികുതി<br>=34*30=1020<br>സേവന<br>ഉപനികുതി -<br>204<br>ലൈബ്രറി<br>സെസ്സ്- 51<br>ആകെ- 1275 | 1275 |
| 4 | 13/280, യൂസഫ്<br><br>ജോസ്. വി.ജെ,<br>ടെക്സ്റ്റൈൽ<br>ഷോപ്പ്,<br>ബി3/935/18,<br>21.02.18 | 9<br>05.01.19 | നികുതി,<br>ഉപനികുതി<br>എന്നിവ<br>ഒഴിവാക്കപ്പെട്ട<br>കെട്ടിടം | അടിസ്ഥാന<br>വസ്തുനികുതി<br>=9*30=270<br>സേവന<br>ഉപനികുതി- 54<br>ലൈബ്രറി<br>സെസ്സ്- 13.5<br>ആകെ- 338 | 338 |
| ആകെ | | | | | 4186 |

<u>3) വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനാൽ നികുതി നഷ്ടം</u>

വാണിജ്യാവശ്യത്തിനുള്ള പല കെട്ടിടങ്ങളെയും വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി ഈടാക്കുന്നത്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 30 രൂപയും, വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്നിവയ്ക്ക് ച.മീറ്ററിന് 10 രൂപയും, ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവയ്ക്ക് ച.മീറ്ററിന് 40 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി തെറ്റായി നിർണയിച്ചതിനാൽ 4386 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിട നം, കെട്ടിട ഉടമസ്ഥൻ താമസക്കാരൻ/ കൈവശക്കാരൻ, | തറ വിസ്തീർണം (ച.മീ) ഡിജിറ്റലി സാക്ഷ്യ | സഞ്ചയ പ്രകാരം നിലവിലെ നിർണയിക്കപ്പെട്ട വസ്തുനികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ലൈസൻസ്<br>നമ്പർ | പ്പെട്ടു<br>ത്തിയ<br>തിയതി | | | |
| 1 | 4/373,<br>സെക്രട്ടറി,<br>നെന്മാറ<br>കൺസ്യൂമർ<br>സ്റ്റോർ,<br>പലചരക്ക്<br>കച്ചവടം,<br>ബി2-1025/18,<br>24.02.18 | 25<br>26.03.19 | വസ്തുനികുതി- 200<br>സേവന<br>ഉപനികുതി- 40<br>ലൈബ്രറി<br>സെസ്സ്- 10<br>ആകെ- 250 | അടിസ്ഥാന<br>വസ്തുനികുതി<br>=25*30=750<br>ഇളവ് 20%-<br>150<br>(കാലപ്പഴക്കം-<br>20%)<br>വസ്തുനികുതി<br>-600<br>സേവന<br>ഉപനികുതി<br>20%- 120<br>ലൈബ്രറി<br>സെസ്സ്- 30<br>ആകെ- 750 | 500 |
| 2 | 17/464,<br>ദിനീപ്,<br>അമ്പാടി വീട്<br>നിഷാ<br>ഗോപിനാഥൻ,<br>അമ്പാടി വീട്,<br>എ2-471/19,<br>02.02.19 | 31.15<br>17.09.18 | വസ്തുനികുതി- 343<br>സേവന<br>ഉപനികുതി- 69<br>ലൈബ്രറി<br>സെസ്സ്- 18<br>ആകെ- 430 | അടിസ്ഥാന<br>വസ്തുനികുതി-<br>31.15*30<br>=935<br>ഇളവ് 10%- 94<br>(മേൽക്കൂര-<br>10%)<br>വർദ്ധനവ്<br>20%- 187<br>(വഴി<br>സൗകര്യം)<br>വസ്തു<br>നികുതി -1028<br>സേവന<br>ഉപനികുതി<br>20%- 206<br>ലൈബ്രറി<br>സെസ്സ്- 52<br>ആകെ- 1286 | 856 |
| 3 | 9/589,<br>കെ.പി. ഹംസ<br>ഹോളോബ്രിക്ക്<br>നിർമ്മാണം,<br>വിൽപ്പന,<br>എ2-1316/19,<br>12.03.19 | 101<br>18.01.19 | വസ്തുനികുതി- 808<br>സേവന<br>ഉപനികുതി- 162<br>ലൈബ്രറി<br>സെസ്സ്- 41<br>ആകെ- 1011 | അടിസ്ഥാന<br>വസ്തുനികുതി<br>=101*40=4040<br>ഇളവ് 20%-<br>808<br>(മേഖല- 10%,<br>മേൽക്കൂര-<br>10%) | 3030 |

| | | | | | |
|---|---|---|---|---|---|
| | | | | വസ്തുനികുതി -3232<br>സേവന ഉപനികുതി-647<br>ലൈബ്രറി സെസ്സ്- 162<br>ആകെ- 4041 | |
| ആകെ | | | | | 4386 |

<u>4) വാണിജ്യാവശ്യത്തിനുള്ള / ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടങ്ങളെ വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ നികുതി നഷ്ടം</u>

വാണിജ്യാവശ്യത്തിനുള്ള / ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടങ്ങളെ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006(2006 ലെ 27)പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി ഈടാക്കുന്നത്. ലൈസൻസ് അപേക്ഷകളും നിരാക്ഷേപ പത്രങ്ങളും പരിശോധിച്ചപ്പോൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉദ്യോഗാധാർ സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഇല്ല. ബേക്കറി, ഫർണീച്ചർ സാധനങ്ങളുടെ നിർമ്മാണവും വിൽപ്പനയും നടത്തുന്ന സ്ഥാപനങ്ങളെ വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളതിനാൽ നികുതി നഷ്ടം സംഭവിക്കുന്നുണ്ട്.

മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006(2006 ലെ 27)പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 15 രൂപയും, ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവയ്ക്ക് ച.മീറ്ററിന് 40 രൂപയും ആണ് പഞ്ചായത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി തെറ്റായി നിർണയിച്ചതിനാൽ 11412 രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്, കെട്ടിട നം, കെട്ടിട ഉടമസ്ഥൻ താമസക്കാരൻ/ കൈവശക്കാരൻ, ലൈസൻസ് നമ്പർ | തറ വിസ്തീർണം (ച.മീ) ഡിജിറ്റലി സാക്ഷ്യ പ്പെടുത്തിയ തിയതി | നിലവിലെ നിർണ യിക്കപ്പെട്ട വസ്തുനികുതി | യഥാർ ത്ഥത്തിൽ ഈടാക്കേണ്ട വസ്തുനികുതി | കുറവ് (രൂ.) |
|---|---|---|---|---|---|
| 1 | 15/280, അരുൺ പ്രസാദ്, ഫർണീച്ചർ നിർമ്മാണവും, വിപണനവും | 300<br>22.01.19 | വസ്തുനികുതി-3150<br>സേവന ഉപനികുതി-630<br>ലൈബ്രറി | അടിസ്ഥാന വസ്തുനികുതി =300*40=12000<br>ഇളവ് 20%-2400<br>(മേഖല-10%, | 8062 |

| | | | | | |
|---|---|---|---|---|---|
| | | | സെസ്സ്- 158<br>ആകെ-<br>3938 | മേൽക്കൂര-10%)<br>വസ്തുനികുതി<br>-9600<br>സേവന<br>ഉപനികുതി<br>20%- 1920<br>ലൈബ്രറി<br>സെസ്സ്- 480<br>ആകെ- 12000 | |
| 2 | 15/533,<br>ബിനു പ്രമോദ്,<br>ബേക്കറി<br>സാധനങ്ങൾ<br>ഉത്പാദിച്ച്<br>വിൽപ്പന<br>നടത്തുന്നതിന്,<br>ബി2/5680/18,<br>01.09.18 | 134<br>04.10.18 | വസ്തുനികുതി-<br>1608<br>സേവന<br>ഉപനികുതി-<br>322<br>ലൈബ്രറി<br>സെസ്സ്- 81<br>ആകെ- 2011 | അടിസ്ഥാന<br>വസ്തുനികുതി<br>=134*40=5360<br>ഇളവ് 20%-<br>10752<br>(മേഖല-10%,<br>മേൽക്കൂര-10%)<br>വസ്തുനികുതി<br>-4288<br>സേവന<br>ഉപനികുതി-<br>858<br>ലൈബ്രറി<br>സെസ്സ്- 215<br>ആകെ- 5361 | 3350 |
| ആകെ | | | | | 11412 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടും അപാകത നിലനിൽക്കുന്നതിനാൽ ഉണ്ടായ വ്യക്തമായ നഷ്ടം 32489/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തുക പഞ്ചായത്ത് ഫണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. മറ്റ് ഏതെങ്കിലും കെട്ടിടങ്ങൾക്ക് മേൽ സൂചിപ്പിച്ച പ്രകാരം നികുതി തെറ്റായി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് തുടർ വർഷത്തിലുണ്ടായേക്കാവുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും അപാകതകൾ നിലനിൽക്കുന്നു എന്നത് ഡാറ്റാ പ്യൂരിഫിക്കേഷനിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്നതിന് തെളിവാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ- 12/06.12.2019)
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

# സേവനങ്ങൾക്കുമുള്ള ലൈസൻസ് അനുവദിക്കൽ- അപാകതകൾ സംബന്ധിച്ച്

(എ) ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതിക്ക് അനുസൃതമായി ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

(സി) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

2016-ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം

ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(ഡി) വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം തുക ഒന്നുംതന്നെ ഈടാക്കിയില്ല.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നമ്പർ-14, തിയതി- 07.11.2019

(ഇ) ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.
2. അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്
4. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ഫീസ്, യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള അിനുമതി ഫീസ് എന്നിവ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരം ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതും പൂർണമായും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്

2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടെ കണക്ക് താഴെ ചേർക്കുന്നു.

എൽ.ഇ.ഡി - 948

ട്യൂബ് - 361

ആകെ - 1309

കൂടാതെ, 2018-19 വർഷത്തിൽ വിവിധ ഏജൻസികൾ മുഖേന 2089 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലാമ്പുകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. 60 മീറ്ററുകൾ സ്ഥാപിച്ച് ഭൂരിഭാഗം ലാമ്പുകളും മീറ്ററിനു കീഴിലാക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി 1.28 ലക്ഷം രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ചെലവഴിക്കുന്നുണ്ട്.

ഏതാനും ലാമ്പുകൾ കൂടി മീറ്ററിനു കീഴിലാക്കുവാനുണ്ട്. മീറ്ററിനു കീഴിൽ അല്ലാത്ത മുടപ്പല്ലൂർ, നെന്മാറ ഡിവിഷനുകൾക്ക് കീഴിലുള്ള ലാമ്പുകൾക്ക് പ്രതിമാസം ശരാശരി 15000 രൂപ ചെലവഴിക്കുന്നുണ്ട്.

ഹൈമാസ്റ്റ് ലാമ്പിന് 2600 രൂപയും പ്രതിമാസം ചെലവഴിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം നം.11, തിയതി-5-12-2019

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1 തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2. ബാക്കിയുള്ള തെരുവു വിളക്കുകൾ കൂടി മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വാറണ്ടി ഉള്ള ലാമ്പുകൾക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

4. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷണത്തിനും തുടർപരിപാലനത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കി മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്

ജല അതോറിറ്റിയുടെ കീഴിലുള്ള 130 പൊതു ടാപ്പുകൾ ഗ്രാമപഞ്ചായത്ത് അതിർത്തിയിലുണ്ട്. പ്രതിമാസം 56875 രൂപ ജല അതോറിറ്റിയിൽ തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. തൻവർഷം ആകെ 6.82 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

പൊതു ടാപ്പുകളുടെ കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപയോഗത്തിലുള്ളവയക്ക് മാത്രം തുക ഒടുക്കുന്നുള്ളൂ എന്നുറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. എല്ലാ പ്രദേശത്തും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതു ടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനുള്ള ശ്രമം നടത്തി പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കേണ്ടതാണ്.

3. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വ്യക്തിഗത സബ്സിഡി അനുവദിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം.11, തിയതി-5-12-2019 ന്റെ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 തെരുവു വിളക്കുകളുടെ വാങ്ങൽ നടപടികളിൽ പ്രൊക്യുർമെന്റ് മാർഗ്ഗരേഖയും, സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്

2018-19 വർഷത്തിൽ വിവിധ പ്രോജക്ടുകൾ പ്രകാരം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് നിലവിലുള്ളവയുടെ കൃത്യത ഉറപ്പാക്കിയതിനുശേഷമാണോ എന്നും വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. തൻവർഷം സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ 4 പ്രോജക്ടുകൾ പ്രകാരം ആകെ 37.42 ലക്ഷം രൂപ ചെലവഴിച്ച് 2089 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>1. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ-1556 എണ്ണം</u>

15/19-വിവിധ വാർഡുകളിൽ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കൽ (CFC)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 2498939 രൂപ

തൻവർഷത്തെ ചെലവ് - 2498939 രൂപ (ബിൽ നം. 66/13-11-2018)

ഇൻവോയ്സ് നം. GLT/03/24-10-2018

ടെണ്ടർ നടപടികളിലൂടെ 24 വാട്ടിന്റെ 1556 എൽ.ഇ.ഡി ലാമ്പുകളും എല്ലാ അനുബന്ധ ഉപകരണങ്ങളും സഹിതം ഗ്രീൻ ലീഫ് ടെക്നോളജി, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ലാമ്പ് ഒന്നിന് 1606 രൂപയാണ് സ്ഥാപനത്തിന് നൽകിയ നിരക്ക്. ലാമ്പുകളുടെ വാറണ്ടി കാലയളവ് മൂന്ന് വർഷമാണ്. എഗ്രിമെന്റ് നം. 6/23-10-2018.

പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം. 15-10-2018 തീ. നം. 1

<u>2. എസ്.സി കോളനികളിൽ സ്ട്രീറ്റ് LED ലൈറ്റ് സ്ഥാപിക്കൽ-150 എണ്ണം</u>

പ്രോജക്ട്: 214/19-എസ്.സി കോളനികളിൽ സ്ട്രീറ്റ് LED ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 330000 (എസ്.സി.പി-328800+തനത് ഫണ്ട്-1200)

തൻവർഷത്തെ ചെലവ് - 328500 രൂപ (ബിൽ നം. 1/24-5-2018)

ഇൻവോയ്സ് നം. 28/28-3-2018

24 വാട്ടിന്റെ 150 എൽ.ഇ.ഡി ലാമ്പുകൾ ടെണ്ടർ നടപടികൾ സ്വീകരിച്ച് മെനോറ പവർ, പൂത്തോൾ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലാമ്പ് ഒന്നിന് 2190 രൂപ നിരക്കാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ലാമ്പുകൾക്ക് മൂന്ന് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. 30/17-18/28-3-2018.

<u>3. 14, 15, 17 വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ- 153 എണ്ണം</u>

പ്രോജക്റ്റ്: 30/18 (227/19)-14, 15, 17 വാർഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 500000 രൂപ (CFC)

തൻവർഷത്തെ ചെലവ് - 496000 രൂപ (ബിൽ നം. 90/17-1-2019)

ഇൻവോയ്സ് നം. 0631/26-3-2018

24 വാട്ടിന്റെ 153 എൽ.ഇ.ഡി ലാമ്പുകൾ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL), കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. 2017-18 വർഷത്തിൽ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളത് 2018-19 വർഷത്തിലാണ്. ലാമ്പ് ഒന്നിന് 3250 രൂപ നിരക്കാണ് KEL ഈടാക്കിയിട്ടുള്ളത്. ലാമ്പുകൾക്ക് മൂന്ന് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. 28/17-18/15-3-2018.

<u>4. വിവിധ വാർഡുകളിൽ തെരുവ് വിളക്ക് (LED ലൈറ്റ്) സ്ഥാപിക്കൽ- 230 എണ്ണം</u>

പ്രോജക്റ്റ്: 392/18 (343/19)-വിവിധ വാർഡുകളിൽ തെരുവു വിളക്ക് (LED) സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 750175 (തനത് ഫണ്ട്)

തൻവർഷത്തെ ചെലവ് - 747500 രൂപ (ബിൽ നം. 90/17-1-2019)

ഇൻവോയ്സ് നം. 0630/26-3-2018

24 വാട്ടിന്റെ 230 എൽ.ഇ.ഡി ലാമ്പുകൾ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL), കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. 2017-18 വർഷത്തിൽ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളത് 2018-19 വർഷത്തിലാണ്. ലാമ്പ് ഒന്നിന് 3250 രൂപ നിരക്കാണ് KEL ഈടാക്കിയിട്ടുള്ളത്. ലാമ്പുകൾക്ക് മൂന്ന് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. 27/17-18/15-3-2018.

ക്രമ നം. 3, 4 എന്നിവ പ്രകാരമുള്ള വാങ്ങൽ നടത്തിയിട്ടുള്ളത് KEL എന്ന സ്ഥാപനത്തിൽ നിന്നുമാണ്. അയിലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച KEL എന്ന സ്ഥാപനത്തിന്റെ 20-02-

2018 FL/MKTG/HML/36/3739/2018 നം. കത്ത് പ്രകാരം സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും നാല് നിർമ്മാണ യൂണിറ്റുകൾ ഉള്ളതുമായി പൊതുമേഖലാ സ്ഥാപനമാണെന്നും വിവിധ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ സ്ഥാപനങ്ങൾ നല്ല രീതിയിൽ വിതരണം ചെയ്തു വരുന്നുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ അയിലൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ LED വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകുവാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ വിവിധ ഇനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ കത്ത് പരിഗണിച്ചാണ് പഞ്ചായത്ത് KEL ൽ നിന്നും നേരിട്ട് വാങ്ങുവാനിടയാക്കിയതെന്ന് വിലയിരുത്തുന്നു.

KEL വിതരണം ചെയ്തിട്ടുള്ളത് മെനോറ എന്ന കമ്പനിയുടെ ലാമ്പുകളാണെന്ന് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

KELൽ നിന്നും നേരിട്ട് ലാമ്പുകൾ വാങ്ങിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>5. KEL ൽ നിന്നും ലാമ്പുകൾ വാങ്ങിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമായതിന്റെ വിവരം</u>

സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിടെ 16-10-2018ലെ 4.20 നം. തീരുമാനം പ്രകാരമുള്ള സാധൂകരണത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(സാധാ)നം.2823/2018/തസ്വഭവ തിയതി 2-11-2018 പ്രകാരം KEL ൽ നിന്നും ടെണ്ടർ നടപടി കൂടാതെ ലാമ്പുകൾ വാങ്ങിയതിന് സർക്കാർ സാധൂകരിച്ചു നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പുതിയ ലാമ്പുകൾ സ്ഥാപിച്ചതിനൊപ്പം നിലവിലുണ്ടായിരുന്ന ഊർജ്ജ ഉപഭോഗം കൂടിയ ലാമ്പുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. പഴയ സാമഗ്രികൾ പഞ്ചായത്തിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല. പഴയ സാമഗ്രികൾ കയ്യൊഴിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. നിലവിലുണ്ടായിരുന്നതും മാറ്റി സ്ഥാപിച്ചതും ഉൾപ്പെടെയുള്ള എല്ലാ ലാമ്പുകളുടേയും വാർഡ്, പോസ്റ്റ് തിരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്. പഴയ ലാമ്പുകൾ മാറ്റിയിടുമ്പോൾ ലഭ്യമാകുന്ന ഉപകരണങ്ങൾ കൃത്യമായ സ്റ്റോക്കിലെടുത്ത് കയ്യൊഴിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. വാറണ്ടി കാലയളവിനുള്ളിൽ കേടുപാടുകൾ സംഭവിക്കുന്ന ലാമ്പുകൾ സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിൽ മാറ്റി സ്ഥാപിക്കുവാനും വാറണ്ടി കാലയളവ് കഴിഞ്ഞ ലാമ്പുകളുടെ സംരക്ഷണത്തിനായി എ.എം.സി നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3. 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government e Marketplace(GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ GeM രജിസ്ട്രേഷൻ എടുക്കേണ്ടതും വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്റ്റോറിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഇനം GeM ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം.10, തിയതി -5-12-2019 ന്റെ മറുപടിയിൽ പഴയ ലാമ്പുകളിലെ സാധനസാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപിച്ചിട്ടുണ്ട് മിക്കവയും ജീർണിച്ച

അവസ്ഥയിലായതിനാലാണ് വേർതിരിച്ച് സ്റ്റോക്കിലെടുക്കാൻ കഴിയാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്. മേൽ ഓഡിറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാന ത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നുമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

തൻവർഷം 05/2018, 10/2018, മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 21800099 | 4-5-2018 | 37535 |
| 2 | 21800106 | 10-5-2018 | 118350 |
| 3 | 21800107 | 10-5-2018 | 44608 |
| 4 | 21800470 | 8-10-18 | 36210 |
| 5 | 21800453 | 3-10-2018 | 151215 |
| 6 | 21800454 | 3-10-2018 | 7065 |

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.11, തീയതി-5-12-2019 ന്റെ മറുപടിയിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം മൂന്ന് പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 213/19-പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, അനുബന്ധ സാമഗ്രികൾ വാങ്ങൽ

അടങ്കൽ - 220000 (ജനറൽ)

ചെലവ് - 78786

ബിൽ നം. 8/23-5-2018

രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

2. 215/19-എ.ഇ ഓഫീസ് കമ്പ്യൂട്ടർവത്കരണം

അടങ്കൽ - 70000 (ജനറൽ)

ചെലവ് - 39393

ബിൽ നം. 7/23-5-2018

ഒരു കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്.

3. 216/19-ഇംപ്ലിമെന്റിംഗ് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 100499 (എം.ജി-നോൺ റോഡ്)

ചെലവ് - 75363

ബിൽ നം. 5/23-5-2018 – 39393 & 6/23-5-2018 – 35970

ഒരു കമ്പ്യൂട്ടറും മൂന്ന് പ്രിന്ററും വാങ്ങിയിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള 3 പ്രൊജക്റ്റുകളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

കമ്പ്യൂട്ടറുകൾ JIT കമ്പ്യൂട്ടേഴ്സ്, കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്ററുകൾ ലോജിക് കമ്പ്യൂട്ടേഴ്സ്, കൊപ്പം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഫയലുകളിൽ സ്ഥാപനങ്ങളുടെ കാഷ് ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. മേൽ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. മേൽ ഉപകരണങ്ങൾ നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഉപയോഗിക്കുന്നത് എന്നതിനും വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾ സൂചിപ്പിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8, തിയതി-4-12-2019) ക്യാഷ് ബില്ലുകൾ പ്രത്യേകം സൂക്ഷിച്ചതിനാലാണ് ഓഡിറ്റ് വേളയിൽ കാണാതിരുന്നത്.

ആയത് വൗച്ചറിനോടൊപ്പം സൂക്ഷിക്കുന്നതാണ് എന്നും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ വാങ്ങലുകളിൽ ഇത്തരത്തിലുള്ള അപാകതകൾ ആവൃത്തിക്കാതിരിക്കാൻ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നിർദ്ദേശങ്ങൾ

1. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും തുടർന്ന് വാങ്ങുന്നത് കേരള സർക്കാരിന്റെ കീഴിലുള്ള cprcs എന്ന പോർട്ടൽ മുഖേനയാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ടെണ്ടർ നടപടികളിലൂടെ സാമഗ്രികൾ വാങ്ങുമ്പോൾ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

# 1-18 തൊഴിൽ രഹിത വേതനം - സാക്ഷ്യപത്രം പ്രകാരമുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറിയുടെ ബിൽബുക്ക പ്രകാരം 2 തവണകളായി തൊഴിൽ രഹിത വേതനം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി പിൻവലിച്ച തുക, ചെലവഴിച്ച തുക, കൈപ്പറ്റിയവരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തിയ്യതി | 12/20-7-2018 | 97/11-03-2019 |
|---|---|---|
| പിൻ വലിച്ച തുക | 59520 | 56640 |
| യഥാർത്ഥത്തിൽ ചെലവഴിച്ച തുക | 48960 | 43320 |
| വിതരണം ചെയ്യാതെ തിരിച്ചടച്ച തുക | 10560 | 13320 |
| തിരിച്ചടച്ച തുകയുടെ വൗച്ചർ നം.തിയ്യതി (ബിൽ രജിസ്റ്റർ പ്രകാരം) | 293/31-7-2018 | 1218/21-3-2019 |

വേതനം കൈപ്പറ്റിയവരിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 2 ഘട്ടങ്ങളിലും വേതനം വിതരണം ചെയ്തിട്ടുള്ളത്. തുക അനർഹമായി കൈപ്പറ്റിയെന്ന് പിന്നീട് തെളിഞ്ഞാൽ റവന്യൂ റിക്കവറി പ്രകാരം തിരികെ ഈടാക്കാവുന്നതാണെന്ന് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ വരുമാനത്തിന്റെ നിജസ്ഥിതി ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ രഹിത വേതന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.23/98/തൊഴിൽ, തിയ്യതി - 28-05-1998 – തൊഴിൽ രഹിത വേതന ചട്ടങ്ങൾ

2. സ.ഉ(പി)നം.1164/2005/തൊഴിൽ, തിയ്യതി - 28-06-2005 – ചട്ടം 13 ലെ ഭേദഗതി ഉത്തരവ്

3. സ.ഉ(പി)നം.32/2006/തൊഴിൽ, തിയ്യതി - 4-05-2006 - ചട്ടം 13 ലെ ഭേദഗതി ഉത്തരവിനുള്ള വിശദീകരണം.

4. സ.ഉ(പി)നം.169/2009/തൊഴിൽ, തിയ്യതി - 13-12-2009 ചട്ടം 11 ലെ ഭേദഗതി ഉത്തരവ്

5. സ.ഉ (അച്ചടി)139/2019/ധന, തിയ്യതി - 15-10-2019

മേൽ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം തുടർ ഘട്ടങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-19 ഫണ്ടുകളുടെ മേഖലാതല വിഭജനം മാർഗ്ഗരേഖക്കനുസൃതമായി നിർവ്വഹിക്കേണ്ടതാണ്

സാമ്പത്തിക വർഷത്തിൽ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതി ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം - 237/19 – ജവഹർ ഭവന നിർമ്മാണ പദ്ധതി – വനിത

അടങ്കൽ - 80000

ചെലവ് - 80000

നിർവ്വഹണം - വി.ഇ.ഒ

പതിമൂന്നാം പദ്ധതി മാർഗരേഖ- അവശേഷിക്കുന്ന വാർഷിക പദ്ധതികൾ (ജി.ഒ.(എം.എസ്) 11/2018/തസ്വഭവ തീയതി-29.1.2018) – ഫണ്ടിന്റെ മേഖലാതല വിഭജനം പ്രകാരം പൊതു വിഭാഗം വികസനഫണ്ട് ജനറൽ, എസ്. സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 10% തുക വനിതാഘടകപദ്ധതിയിൽ വകയിരുത്തേണ്ടതാണെന്ന് നിബന്ധനയുണ്ട്. ഇതേ മാർഗരേഖയിൽ സ്ത്രീകൾക്കും, കുട്ടികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന ഭവനം, ലാട്രിൻ നിർമ്മാണം, കുടിവെള്ളം, വീട് വൈദ്യുതീകരണം തുടങ്ങിയ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ലെന്ന് പരാമർശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ജവഹർ ഭവന നിർമ്മാണ പദ്ധതി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്.

മേൽ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുള്ളത് 14-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നുമാണ്. ജി.ഒ (എം.എസ്) 4/2016/ത.സ്വ.ഭ.വ/11.01.2016 പ്രകാരം 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനാണ് (ജലവിതരണം, ശുചിത്വ സംവിധാനം, ഖരമാലിന്യം, തെരുവ് വിളക്കുകൾ, കമ്മ്യൂണിറ്റി ആസ്തി തുടങ്ങിയവ) വിനിയോഗിക്കാവുന്നത്.

മേൽ പ്രകാരം തുക വകയിരുത്താനിടയായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജവഹർ ഭവന പദ്ധതി 2017-18 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ളതിനാൽ ആയത് സ്പിൽ ഓവറായി തുടർന്നിട്ടുള്ളതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിൽ ഫണ്ടുകളുടെ മേഖലാതല വിഭജനം മാർഗ്ഗരേഖക്കനുസൃതമായി നിർവ്വഹിക്കേണ്ടതും, നിർദ്ദിഷ്ട പദ്ധതികൾക്ക് തന്നെയാണ് അവ വിനിയോഗിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

# 1-20 വിവിധ വാങ്ങൽ പദ്ധതികൾ - സ്റ്റോർസ് പർച്ചേസ് മാനവൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വാങ്ങൽ പദ്ധതികൾക്ക് അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാനവൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010, സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018/ ത.സ്വ.ഭ.വ/14.02.2018 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

I. വൃദ്ധർക്ക് കട്ടിൽ

മേൽ പദ്ധതി പ്രകാരമുള്ള ചെലവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി | വാങ്ങിയ കട്ടിലുകളുടെ എണ്ണം @ 3674/- | സ്ഥാപനത്തിന്റെ ബിൽ |
|---|---|---|---|---|---|---|
| 1 | 235/19 -സ്പിൽ ഓവർ ജനറൽ | 880000 | 216766 | 16/15.10.18 | 50 | NRO/SALES/123 501053176314/ 7.09.18 |
| | | | 663234 (442203 + 221031) | 15/15.10.18 | 102 | NRO/SALES/18-19/84/ 1.08.18 |
| | | | | | 51 | NRO/SALES/124 591053178841/ 7.09.18 |
| 2 | 153/19 – ജനറൽ | 390478 | 294778 | 11/15.10.18 | 68 | NRO/SALES/18-19/64/17.07.18 |
| | | | 95377 | 19/29.01.19 | 22 | NRO/SALES/482/23.01.19 |

1. മേൽ പ്രകാരം രണ്ട് പദ്ധതികളിലുമായി 293 വൃദ്ധർക്ക് കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നാണ് ടെണ്ടർ കൂടാതെ നേരിട്ട് കട്ടിൽ വാങ്ങി നൽകിയിട്ടുള്ളത്. ക്രമ നം - 1 പ്രകാരമുള്ള പദ്ധതിയിന്മേൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം (3/9.03.18) താഴെ ചേർക്കുന്നു.

അംഗീകൃത ഏജൻസിയായ ആർട്കോയിൽ നിന്ന് കട്ടിലുകൾ വാങ്ങുന്നതിന് വിതരണ ഓർഡർ നൽകിയെങ്കിലും മാർച്ച് -31 നകം സാമഗ്രികൾ വിതരണം ചെയ്യുവാൻ കഴിയുകയില്ല എന്ന്

ആർട്കോ അറിയിച്ചതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം - സ.ഉ (സാധാ) നം - 3161/2017/ത.സ്വ.ഭ.വ/ 27.09.2017 പ്രകാരം കാഡ്കോയിൽ നിന്ന് പർച്ചേസ് ചെയ്യുവാൻ തീരുമാനിച്ചു എന്നാണ്. ക്രമ നം - 2 പ്രകാരമുള്ള വാങ്ങലിന് പർച്ചേസ് കമ്മിറ്റി പ്രത്യേകിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരം കാഡ്കോയിൽ നിന്ന് നേരിട്ട് പർച്ചേസ് ചെയ്യാവുന്നതല്ല. തദ്ദേശ സ്ഥാപനങ്ങളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിച്ചർ, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി മാത്രമാണ് പ്രസ്തുത സ്ഥാപനത്തെ നിശ്ചയിച്ചിട്ടുള്ളത്. കാഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്താമെന്ന റേറ്റ് കോൺട്രാക്ട് ഉത്തരവ് -സ.ഉ (സാധാ) നം. 60/2017/SPD 20.10.2017 പ്രകാരമുള്ള സാമഗ്രികളുടെ പ്രൈസ് ലിസ്റ്റിൽ കട്ടിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽ വാങ്ങലുകൾ കാഡ്കോയിൽ നിന്ന് നേരിട്ട് നടത്തിയത് ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

2. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/14.02.2018 ലെ (ഖണ്ഡിക-7.1.13-2 – വയോജന സൗഹൃദ പരിപാടികൾ) പ്രകാരം നിശ്ചയിച്ചിട്ടുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷനുകൾ താഴെ ചേർക്കുന്നു.

സ്പെസിഫിക്കേഷൻ:
കട്ടിലിന്റെ നീളം - 1.98 മീ, വീതി - 90 സെമീ

മുൻ കാൽ - 60 സെ.മീ

പിൻകാൽ - 50 സെ.മീ

8 mm plywood – മരം/സ്റ്റീൽ

കാഡ്കോ സപ്ലൈ ചെയ്ത കട്ടിലുകളിൽ plywood top 6mm. കനം മാത്രമാണുള്ളത്. ആയത് മേൽ സ്പെസിഫിക്കേഷനുകൾക്കനുസരിച്ചല്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുകളിൽ നിന്ന് മേൽ പ്രകാരമുള്ള സ്പെസിഫിക്കേഷൻ വ്യത്യസ്തമായതിനാൽ കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക – 11 ലെ നിബന്ധനകൾക്ക് ( യോഗ്യതയില്ലാത്ത ടെണ്ടറുകൾ നിരസിക്കൽ) വിരുദ്ധമാണ്.

സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ. 9.7 പ്രകാരവും നിശ്ചിത സ്പെസിഫിക്കഷനിൽ അല്ലാത്ത ടെണ്ടർ നിരസിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യങ്ങൾ കണക്കിലെടുക്കാതെ സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യസ്തമായ കട്ടിലുകൾ വാങ്ങി വിതരണം ചെയ്തത് ക്രമപ്രകാരമല്ല. കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കിയതിന്റെ ആധികാരിക റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3. ജി.ഒ (എം.എസ്)13/2015/ഐ.ടി.ഡി/12.05.15 ലെ നിർദ്ദേശമനുസരിച്ച് 5 ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലിന് ഇ-ടെണ്ടർ നടപടികൾ അവലംബിക്കേണ്ടതാണ്. മേൽ പദ്ധതിക്ക് ഇ-ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല.

4. സാമ്പത്തിക വർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പട്ടികജാതി വിഭാഗത്തിന് നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി (പ്രൊജക്ട് നം - 130/19, അടങ്കൽ - 200000, ചെലവ് - 200000) പ്രകാരം 46 കട്ടിലുകൾ 4350/-രൂപ നിരക്കിൽ ആർട്കോയിൽ നിന്ന് പർച്ചേസ് ചെയ്തിട്ടുണ്ട്. പ്രസ്തുത സാമഗ്രികൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ളവയാണ്. ഇപ്രകാരം കട്ടിലുകളുടെ വാങ്ങൽ രണ്ട്

നിർവ്വഹണോദ്യോഗസ്ഥർ മുഖേന വ്യത്യസ്ത രീതിയിൽ നടപ്പാക്കി വ്യത്യസ്ത ഗുണനിലവാരമുള്ള സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. സാധന സാമഗ്രികളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

മേൽ പർച്ചേസുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 4/ 7.12.19) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെ ചേർക്കുന്നു.

കാഡ്കോയിൽ നിന്ന് ഹാർഡ് വുഡ് ഫർണിച്ചർ നേരിട്ട് വാങ്ങാമെന്ന റേറ്റ് കോൺട്രാക്ട് ഉത്തരവ് -സ.ഉ (സാധാ) നം. 17/2017/SPD 16.03.2017 പ്രകാരമാണ് പർച്ചേസ് നടത്തിയിട്ടുള്ളത്. കാഡ്കോയുടെ ബില്ലിൽ കട്ടിലുകളുടെ സ്പെസിഫിക്കേഷനിൽ പ്ലൈവുഡിന്റെ കനം 8mm എന്നതിനു പകരം 6mm എന്ന് തെറ്റായി രേഖപ്പെടുത്തിയതാണ് എന്നാണ്.

<u>ഓഡിറ്റ് വിലയിരുത്തൽ</u>

മേൽ ഉത്തരവ് പ്രകാരമുള്ള സാമഗ്രികളുടെ പ്രൈസ് ലിസ്റ്റിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ HW Cot- 180x75x45 cm – Plywood on top എന്നാണ്. ആയത് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സ്പെസിഫിക്കേഷനുകളിൽ നിന്ന് വ്യത്യസ്തമാണ്. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നം - 3161/2017/ത.സ്വ.ഭ.വ/ 27.09.2017 പ്രകാരവും കാഡ്കോയിൽ നിന്ന് നേരിട്ട് പർച്ചേസ് ചെയ്യാവുന്നതല്ല. തദ്ദേശ സ്ഥാപനങ്ങളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിച്ചർ, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി മാത്രമാണ് പ്രസ്തുത സ്ഥാപനത്തെ നിശ്ചയിച്ചിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സ്പെസിഫിക്കേഷനുകളോടു കൂടിയ കട്ടിലുകളാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് എന്ന് പർച്ചേസ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതും ആയതിന്റെ ആധികാരിക റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

<u>II. ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ</u>

പ്രൊജക്റ്റ് നം - 151/19

അടങ്കൽ - 600000

ചെലവ് - 599370 (ബിൽ നം - 21/23.02.19)

മേൽ പദ്ധതി പ്രകാരം 599370/-രൂപക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി 29 ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പർച്ചേസ് കമ്മിറ്റി തീരുമാനം നം. - 2/14.11.18, പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 1/4 /14.01.19 എന്നിവ പ്രകാരം ടെണ്ടർ കൂടാതെ അക്രഡിറ്റഡ് ഏജൻസിയായ KSIE യിൽ നിന്ന് ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ/14.02.2018 ലെ അദ്ധ്യായം - 7 (ഖണ്ഡിക-7.1.4 – ഉപകരണങ്ങൾ വാങ്ങൽ ) പ്രകാരം സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാമഗ്രികളാണ് തദ്ദേശസ്ഥാപനത്തിന് ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. KSIE

ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് കൂടാതെ അവ നിർമ്മിക്കുന്നു എന്നതിന് തെളിവുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. - 7/4.12.19) നൽകിയെങ്കിലും അപ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വാങ്ങലുകളിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥകളനുസരിച്ചുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

# 1-21 ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം - 997535 /-രൂപ വിനിയോഗിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിൽ 31.03.2019 ലെ നീക്കിയിരുപ്പ് പ്രകാരം 997535/-രൂപ വിനിയോഗിക്കപ്പെടാതെ തനത്ഫണ്ടിൽ അവശേഷിക്കുന്നു. തുക രണ്ട് അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആകെ നീക്കിയിരിപ്പായ 997535 രൂപയിൽ 944203 രൂപ STSB ട്രഷറി അക്കൗണ്ടിലും 53332 രൂപ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലും അവശേഷിക്കുന്നുണ്ട്.

സർക്കുലർ നം. 39033/ ഡി.സി2/2010 ത.സ്വ.ഭ.വ 3.09.2010 പ്രകാരം പൂരക പോഷകാഹാര പദ്ധതിക്കായി (എസ്.എൻ.പി) ലഭ്യമാവുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും,ഇതര ഭൗതിക സാഹചര്യങ്ങൾ,അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. 13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം- 11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് അങ്കണവാടികൾക്ക് ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ നിർബന്ധിത പ്രൊജക്റ്റുകളാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാ മൂലം ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ ആകെ 42 അങ്കണവാടികളുള്ളതിൽ താഴെ പറയുന്നവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് . മേൽ സർക്കുലർ അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

| അങ്കണവാടി നമ്പർ | സ്ഥലം | ഒരുക്കേണ്ട സാഹചര്യങ്ങൾ |
|---|---|---|
| 42, 69, 70, 55 | തിരുവഴിയാട്, പയ്യാങ്കോട് തറ, നേർച്ചപ്പാറ, കൽച്ചാടി | ചുറ്റുമതിൽ |
| 37, 72, 73, 55, 59 | പാലക്കാപ്പൊറ്റ, കരിങ്കുളം, കടലക്കാട്, കൽച്ചാടി, കൊടിക്കരിമ്പ് | വൈദ്യുതി |

താഴെ പറയുന്ന അങ്കണവാടികൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ല.

1. സെന്റർ നം - 33- അരിയക്കോട് - പ്രസ്തുത അങ്കണവാടിയുടെ പ്രവർത്തികൾക്ക് എം.എൽ.എ ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് നിർവ്വഹണോദ്യോഗസ്ഥ

അറിയിച്ചിട്ടുണ്ട്.

2. സെന്റർ നം - 57 - കിഴക്കേക്കുളമ്പ്

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 വിവിധ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമല്ല – 10 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ താഴെ പറയുന്ന ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. പ്രൊജക്ട് നം - 8/19 – വനിതകൾക്ക് ടിഷ്യു കൾച്ചർ വാഴകൃഷി

അടങ്കൽ - 300000

ചെലവ് - 300000 (ബിൽ നം - 4/30.11.18)

മേൽ പദ്ധതി പ്രകാരം 15000 ടിഷ്യൂ കൾച്ചർ വാഴത്തൈകൾ 20/- രൂപ നിരക്കിൽ റെയ്ഡ്കോ, നെന്മാറയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് - NMRA/481/2018-19/23.11.18) ആയത് സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. പ്രൊജക്ട് നം - 379/19 – വനിതകൾക്ക് ജൈവ ജീവാണു വളം വിതരണം

അടങ്കൽ - 400000

ചെലവ് - 300000 (ബിൽ നം - 3/30.11.18)

- 100000 – (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്)

പൊതുവിഭാഗത്തിൽപ്പെട്ട വനിതകൾക്കായുള്ള മേൽ പദ്ധതി പ്രകാരം റെയ്ഡ്കോ, നെന്മാറയിൽ നിന്ന് ഇൻവോയ്സ് - NMRA/479/2018-19/23.11.18 മുഖേന ജൈവ ജീവാണു വളം വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. റെയ്ഡ്കോയുടെ സബ്സിഡി claim statement പ്രകാരം അയിലൂർ ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് ആണ് സബ്സിഡി claim ചെയ്തിട്ടുള്ളതെങ്കിലും (Permit no-KBAYR 1/18-19/15.11.18) വളത്തിന്റെ വിനിയോഗ രേഖകൾ ലഭ്യമല്ല. വാങ്ങിയ വളത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വളം | അളവ് - കിലോ | നിരക്ക് |
|---|---|---|
| Vermi compost | 25000 | 320118.76 |
| Vam Powder | 500 | 44997.76 |
| Azosphirillum | 500 | 34996.50 |
| | ആകെ | 400000/- |

3. <u>പ്രൊജക്ട് നം - 375/19 – വനിതകൾക്ക് പയർവർഗ്ഗ വിത്തുകൾ വിതരണം</u>

അടങ്കൽ - 400000

ചെലവ് - 400000 (ബിൽ നം - 14/29.11.18)

പൊതുവിഭാഗത്തിൽപ്പെട്ട വനിതകൾക്കായുള്ള മേൽ പദ്ധതി പ്രകാരം റെയ്ഡ്കോ, നെന്മാറയിൽ നിന്ന് ഇൻവോയ്സ് - NMRA/697/2018-19/1.02.19 മുഖേന പയർവർഗ്ഗ വിത്തുകൾ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ വിത്തുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വിത്ത് | അളവ് - കിലോ | നിരക്ക് |
|---|---|---|
| Green gram | 1110 | 200199 |
| Black gram | 1110 | 199800 |
| | ആകെ | 400000 |

മേൽ പദ്ധതികൾ പ്രകാരമുള്ള വിതരണ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -9/5.12.19) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ, രേഖകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
രേഖകൾ സമർപ്പിക്കുന്നത് വരെ പദ്ധതികളുടെ ചെലവ് 1000000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-23 ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി - നാളിതു വരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 4ഗുണഭോക്താക്കളിൽ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചു. പദ്ധതിക്കായി 2017-18, 2018-19 വർഷങ്ങളിൽ 705000/-രൂപ ചെലവഴിച്ചു. (705000 – തനത് ഫണ്ട്)

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 214 ഉം എസ്.സി വിഭാഗത്തിൽ 10 ഗുണഭോക്താക്കളുമാണുള്ളത്. ആയതിൽ ആകെ 199 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (54/19)-ജനറൽ

| ഫണ്ട് | 2018-19 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട് + തനത് ഫണ്ട് | 7600000 | 5080000 |
| ബ്ലോക്ക് പഞ്ചായത്ത് | 1389850 | 1389850 |
| ജില്ലാ പഞ്ചായത്ത് | 1731623 | 1730150 |
| മറ്റിനം(വായ്പ) | 25920000 | 25920000 |
| ആകെ | 36641473 | 34120000 |

ആകെയുള്ള 214 ഗുണഭോക്താക്കളിൽ 194 പേരാണ് കരാർ വെച്ചിട്ടുള്ളത്. ഇതിൽ 25ഗുണഭോക്താക്കളാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെ വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു .

| ഗഡു | കൈപ്പറ്റിയവരുടെ വിവരം |
|---|---|
| 1 | 194 |
| 2 | 192 |
| 3 | 175 |
| 4 | 25 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( /19) - എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1933019 | 800000 |
| ബ്ലോക്ക് പഞ്ചായത്ത് | 172592 | - |
| ജില്ലാ പഞ്ചായത്ത് | 1094389 | - |
| ആകെ | 3200000 | 800000 |

ആകെയുള്ള 10 ഗുണഭോക്താക്കളിൽ 5 പേരാണ് കരാർ വെച്ചിട്ടുള്ളത്. ഗുണഭോക്താക്കളാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നാളിതുവരെ വിവിധ ഗഡുക്കളായി

ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു .

| ഗഡു | കൈപ്പറ്റിയവരുടെ വിവരം |
|---|---|
| 1 | 5 |
| 2 | 5 |
| 3 | 5 |
| 4 | - |

<u>ഹഡ്കോ ലോൺ</u>

ഹഡ്കോയിൽ നിന്നും KURDFC മുഖേന നവംബർ/2019 വരെ 40740000/- രൂപ വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം - 67231263437 – സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നെന്മാറ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

| വർഷം | ലഭ്യമായ വായ്പ | ചെലവ് | തിരിച്ചടവ് | ബാക്കി |
|---|---|---|---|---|
| 2018-19 | 25920000 | 25920000 | - | - |
| 2019-20 (11/2019 വരെ) | 14820000 | 14440000 | 320000 | 60000 |
| ആകെ | 40740000 | 40360000 | 320000 | 60000 |

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 10400000രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 8620000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ഭവന നിധി രൂപീകരിച്ചിട്ടില്ല</u>

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാനും, 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

<u>മോണിറ്ററിംഗ്</u>

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ ഭവനനിധി രൂപീകരിച്ച് പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

5. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കാവുന്നതാണ്.

# 1-24 എ.ബി.സി പദ്ധതി - വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം - വെറ്ററിനറി സർജൻ

പ്രൊജക്ട് നം - 52/19

അടങ്കൽ - 350000

ചെലവ് - 350000

ചെക്ക് നം - 2268286/15.11.18

എ.ബി.സി (തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം) പദ്ധതിക്കായി സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്ന് 350000/- രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം - 799011400002200) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 അഗതി രഹിത കേരളം പദ്ധതി - അവലോകനം

നിർവ്വഹണം - അസി.സെക്രട്ടറി

അയിലൂർ ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ 26.11.2018 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം -4/2 പ്രകാരം അംഗീകരിച്ച് കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം വിവിധ ഘടകങ്ങൾ ആവശ്യമുള്ള 256 ഗുണഭോക്താക്കൾ (ജനറൽ - 209, എസ്.ടി - 47) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ആശ്രയ രണ്ടാം ഘട്ടം അവസാനിക്കുമ്പോൾ ബാക്കിയുണ്ടായിരുന്ന109 ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾക്കായി 13-ാം പദ്ധതി മാർഗ്ഗരേഖ (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) - സ.ഉ (കൈ) നം- 11/18/ ത.സ്വ.ഭ.വ തീയതി 29.01.18 ലെ നിർദ്ദേശങ്ങളനുസരിച്ച് പ്രത്യേക പരിചരണ സേവന പാക്കേജ് (ഭക്ഷണം, ആരോഗ്യസുരക്ഷ, ഭിന്നശേഷി സഹായം, കിടപ്പാടം,പാർപ്പിടം,കുടിവെള്ളം,വസ്ത്രം, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയവ) തയ്യാറാക്കിയിട്ടുണ്ട്.

ആശ്രയ രണ്ടാം ഘട്ടം അവസാനിക്കുമ്പോൾ അക്കൗണ്ടിൽ ആകെ 638482/-രൂപ ബാലൻസ് നിലനിൽക്കുന്നുണ്ട്. പ്രസ്തുത നീക്കിയിരുപ്പിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| തുക | വിശദാംശം |
|---|---|
| 100000 | ആശ്രയ ഭവന പദ്ധതി പ്രകാരം 50000/-രൂപ വീതം രണ്ട് ഗുണഭോക്താക്കൾക്ക് നൽകുവാനുള്ളത് |
| 307566 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 77984 | ചലഞ്ച് ഫണ്ട് |
| 152932 | ബാങ്ക് പലിശ |
| 638482 | ആകെ നീക്കിയിരുപ്പ് |

പുതിയതായി ആരംഭിച്ച അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് (യൂണിയൻ ബാങ്ക്, അയിലൂർ) മേൽ നീക്കിയിരുപ്പ് ട്രാൻസ്ഫർ ചെയ്തിട്ടില്ല. 2018-19 വർഷത്തെ ആശ്രയ പദ്ധതിയിലെ ഭവന നിർമ്മാണ ധനസഹായം 100000/-രൂപ 2ഗുണഭോക്താക്കൾക്ക് നൽകുവാൻ ബാക്കിനിൽക്കുന്നതിനാലാണ് നീക്കിയിരുപ്പ് അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരുന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.( ഓഡിറ്റ് അന്വേഷണം - 2/29.11.19)

<u>ഓഡിറ്റ് നിർദ്ദേശം</u>

പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുവാൻ ഒരു ഉപസമിതി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് ഓരോ രണ്ട് മാസത്തിലും തയ്യാറാക്കി ഭരണസമിതിക്ക് നൽകേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതുമാണ്. അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു മോണിട്ടറിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

ആശ്രയ നിർബന്ധിത പ്രൊജക്റ്റാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്.

പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതും പദ്ധതി മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

# 1-26 തൊഴിലുറപ്പു പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ

ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.

അയിലൂർ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം താഴെ ചേർക്കുന്നു.

2018-19 സാമ്പത്തികവർഷത്തിൽ 271 പേർക്ക് പുതുതായി തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. ആകെ 3125 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികവർഷം ആകെ 126940 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 3.4 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 3.3കോടി രൂപയും വിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 89562 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ജീവനക്കാർക്കുള്ള ശമ്പളവും മറ്റുമായി 6.2 ലക്ഷം രൂപയുമടക്കം തൻവർഷത്തെ ആകെ ചെലവ് 3.5കോടി രൂപയാണ്. ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം സാമ്പത്തികവർഷത്തിൽ 1935 പ്രൊജക്ടുകളിലായി 184250000 രൂപ വകയിരുത്തിയതിൽ 308 പ്രവൃത്തികളിലായി 34794175രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ 155 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമാക്കിയിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ തരം | എണ്ണം |
|---|---|
| തോടുകൾ | 38 |
| കിണറുകൾ | 0 |
| ഭൂവികസനം | 51 |
| കനാൽ | 5 |
| തടയണ | 0 |
| ഭവന നിർമ്മാണം | 204 |
| റോഡ് | 5 |
| മറ്റുള്ളവ | 5 |
| ആകെ | 308 |

അയിലൂർ പോലെയുള്ള ഗ്രാമപ്രദേശത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമാകുംവിധം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രകൃതി വിഭവപരിപാലനത്തിനും, ആസ്തിവികസനത്തിനും, ദരിദ്രകുടുംബങ്ങളുടെ വരുമാന വർദ്ധനവിനും, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും സാധിക്കുന്ന വിധത്തിൽ കൂടുതൽ ക്രിയാത്മക പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആസൂത്രണ ഘട്ടം മുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും</u>

1. കാർഷിക പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്ക്കരണ പ്രവൃത്തികൾ എന്നിവ സാധ്യതയ്ക്ക് അനുസരിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താവുന്നതാണ്.

4. വാർഷിക കർമ്മ പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടതല ചർച്ച, കൂടൽ എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി ആവശ്യകതയ്ക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളിലുമുള്ള പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.

5. ക്രിയാത്മകമായതും ഉപജീവനത്തിന് സഹായകരമായ ആസ്തികളായ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവയും ആവശ്യകതയ്ക്കനുസരിച്ച് നിർവ്വഹിക്കാവുന്നതാണ്.

6. തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും, കാലോചിതമായി പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

7. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നവരുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

# 1-27 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ റോഡുകളുടെ ദിശാ ബോർഡുകൾ -രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ റോഡുകളുടെ ദിശാബോർഡുകൾ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

224/19-ദിശാ ബോർഡുകൾ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 229400 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 229400 (ബിൽ നം. 59/18-9-2018)

ദിശാബോർഡുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ, പദ്ധതി ലക്ഷ്യം, മോണിറ്ററിംഗ് സംവിധാനം എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ആയതു പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ടെണ്ടർ നടപടികൾ സ്വീകരിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അരുൺ ഇൻഡസ്ട്രീസ് കണ്ണമ്പ്ര എന്ന സ്ഥാപനം മുഖേന പഞ്ചായത്തിന്റെ 17 വാർഡുകളിലായി 100 ദിശാ ബോർഡുകൾ 2294 രൂപ വീതം നൽകി സ്ഥാപിച്ചിട്ടുണ്ട്.

ബോർഡുകൾ ഓരോ വാർഡിലും എത്ര എണ്ണം വീതം, ഏതൊക്കെ സ്ഥലങ്ങളിൽ സ്ഥാപിച്ചു എന്ന് ഉറപ്പാക്കിയിട്ടില്ല. ബോർഡുകൾ സ്ഥാപിച്ചത് മോണിറ്റർ ചെയ്തിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ഓരോ വാർഡിലും ബോർഡുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 8, തിയതി-4-12-2019)

# 1-28 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയറുടെ 278 പ്രവൃത്തികളിൽ 156 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരു ത്തിയ 8.77 കോടി രൂപയിൽ 5.28 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 49% മാത്രമാണ് തൻവർഷത്തെ ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്ടുകളുടെ ആധിക്യം

തൻവർഷം അംഗീകാരം ലഭിച്ച 278 മരാമത്ത് പ്രവൃത്തികളിൽ 105 എണ്ണവും (38%) സ്പിൽഓവർ പ്രോജക്ടുകളാണ്. സ്പിൽ ഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും എണ്ണക്കൂടുതൽ തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും സ്പിൽ ഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്.

മാർച്ച് മാസത്തിൽ സമർപ്പിച്ച 34 ബില്ലുകൾ ക്യൂ ബില്ലുകളായി മാറുകയും ആകെ 95.33 ലക്ഷം രൂപ തൻവർഷത്ത ചെലവിൽ ഉൾപ്പെടാതെ പോവുകയും ചെയ്തിട്ടുണ്ട്.

